LIBRARY ARCHIVES Kerala Legislative Assembly

2004-ൽ പുതുക്കുന്ന അന്തർ സംസ്ഥാന നദീജല കരാറുകൾ

107 [1582] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ പുതുക്കുന്ന അന്തർ സംസ്ഥാന നദീജല കരാറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ പുതുക്കുമ്പോൾ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2004-ൽ പുതുക്കുന്ന അന്തർ സംസ്ഥാന നദീജല കരാറുകൾ ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നദീജല കരാർ ലംഘനം സംബന്ധിച്ച വിവരങ്ങൾ

108 [1583] ശ്രീ. വി. ഡി. സതീശൻ :
,, കെ. എ. ചന്ദ്രൻ :
,, ജോർജ് ജെ. മാത്യു :
,, ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല മൂലകരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളിൽ ഏതെല്ലാമാണ് തമിഴ്നാട് ലംഘിച്ചത് എന്നറിയിക്കാമോ;

(ബി) ഇവ ഇനിയും ആവർത്തിച്ചാൽ എന്തെല്ലാം പ്രായശ്ചിത്ത നടപടികൾ സ്വീകരിക്കണമെന്ന് പുതുക്കൽ ചർച്ചകളിൽ ഉന്നയിച്ചുവോ;

(സി) എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉന്നയിച്ചതെന്നും അവ അംഗീകരിക്കപ്പെട്ടുവോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം മണക്കടവിൽ തമിഴ്നാട് ഉപയോഗശൂന്യമായ പ്രളയജലം കൂടാതെ 7.25 ടി.എം.സി. ജലം ലഭ്യമാക്കണം. എന്നാൽ ഇപ്പോൾ മണക്കടവിൽ തമിഴ്നാട് ലഭ്യമാക്കുന്ന ജലത്തിൽ

ആളിയാർ തിരുമൂർത്തി ഡാമുകൾക്ക് താഴേയും മണക്കടവ് വിയറിനു മുകളിൽ ഉള്ള വൃഷ്ടി പ്രദേശത്ത് മഴ കാരണം ലഭിക്കുന്ന ജലവും (ഉപയോഗശൂന്യമായ പ്രളയജലം) ഉൾപ്പെടുന്നതായി കാണുന്നു. അതിനാൽ കരാർ പ്രകാരമുള്ള ജലം കേരളത്തിന് മണക്കടവിൽ ലഭിക്കുന്നില്ല. കൂടാതെ കാടംപാറ ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം, തമിഴ്നാട് ഷോളയാർ റിസർവോയറിലെ രണ്ട് സാഡിൽ സ്പിൽവേകളുടെ നിർമ്മാണം, ആളിയാർ തിരുമൂർത്തി ഡാമുകളുടെ താഴ്ഭാഗത്ത് അനധികൃത മിനി ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം, കേരളത്തിന്റെ അനുവാദം കൂടാതെ കോണ്ടൂർ കനാലിൽ അറ്റകുറ്റപ്പണി നടത്തുക, കേരള ഷോളയാറിലെ ജലനിരപ്പും നിശ്ചിത തീയതികളിൽ നിശ്ചിത ലെവലിൽ നിലനിറുത്താതിരിക്കുക എന്നിവയും തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങളായി കേരളം കണക്കാക്കുന്നു.

(ബി ആന്റ് സി) കരാർ ലംഘനങ്ങൾ നടത്തുന്ന പക്ഷം എതിർ കക്ഷിക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന് പുനരവലോകന ചർച്ചകളിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ പുനരവലോകനം പൂർത്തിയാകുമ്പോൾ മാത്രമേ ഈ ആവശ്യം അംഗീകരിക്കപ്പെടുമോ എന്ന് അറിയുവാൻ സാധിക്കുകയുള്ളൂ.

നദീജലക്കരാറിലെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നടപടി

109 [1584] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
,, കെ. സി. വേണുഗോപാൽ :
,, ഇ. എം. അഗസ്തി :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളം-ആളിയാർ നദീജലകരാർ, മുല്ലപ്പെരിയാർ നദീജല കരാർ എന്നിവ സംബന്ധിച്ച സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് തമിഴ്നാട് വീഴ്ച വരുത്തുമ്പോൾ സംസ്ഥാനം കോടതിയെ സമീപിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് സമീപിച്ചിട്ടില്ലായെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല.

1970-ലെ പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് പാലിക്കാതിരുന്നത് ഉഭയകക്ഷി ചർച്ചകളിലൂടെ പരിഹരിക്കാനാണ് കേരളം ശ്രമിക്കുന്നത്.

മുല്ലപ്പെരിയാർ പാട്ടക്കരാറിലും പറമ്പിക്കുളം-ആളിയാർ നദീജലക്കരാറിലും തർക്കങ്ങൾ ആർബിട്രേഷനു വിടാനും അതിൽ തീരുമാനത്തിലെത്താൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ അമ്പയർക്ക് വിടുവാനും വ്യവസ്ഥയുണ്ട്. അമ്പയറുടെ തീരുമാനം അംഗീകരിക്കാൻ പറ്റാത്ത സാഹചര്യം വരുമ്പോൾ മാത്രം കോടതിയെ സമീപിച്ചാൽ മതിയാകും. അതിനാലാണ് കോടതിയെ സമീപിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly